വാരാന്ത്യപതിപ്പ് ലക്കം - 64 | AUGUST 7 - AUGUST 13

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

നാഗസാക്കി ദിനം
പേജ് 2

ലോക ആദിവാസി ദിനം
പേജ് 2

വേൾഡ് ലയൺ ഡേ
പേജ് 3

ലോക ജൈവ ഇന്ധന ദിനം
പേജ് 3

സെൽഫ് ഡിഫൻസ് ക്ലാസ്
പേജ് 4

ലോക സംസ്കൃത ദിനം
പേജ് 4

വാക്കത്തോൺ
പേജ് 5

ഇന്റർനാഷണൽ യൂത്ത് ഡേ
പേജ് 5

ലോക അവയവദാന ദിനം
പേജ് 6

ആസാദി കാ അമൃത് മഹോത്സവ്
പേജ് 6

പതാക ഉയർത്തൽ
പേജ് 7

ലൈബ്രറി വർക്ക്
പേജ് 7

അഗ്വഞ്ചർ
പേജ് 8

പൊതിച്ചോർ വിതരണം
പേജ് 9

അക്ഷരാഗ്നി
പേജ് 9

ചോദ്യം ഉത്തരം
പേജ് 10

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

**"കലാലയം"** എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ചേർന്നു സോഷ്യോപോഡ്സിന്റെ എഴുപത്തിയൊന്നാം എപ്പിസോഡ് ആഗസ്റ്റ് എട്ട് തിങ്കളാഴ്ച പുറത്തിറക്കി.കലാലയ ഓർമ്മകൾ ജീവിതത്തിലെ ഒഴിച്ചുകൂടാനാവാത്ത ഭാഗമാണെന്നും,സ്കൂളുകളും കലാലയങ്ങളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചും വളന്റിയർ കീർത്തന സംസാരിച്ചു.കലാലയ ജീവിതത്തിലെ പ്രധാന നേട്ടം നല്ല സൗഹൃദങ്ങളാണെന്നും കീർത്തന ഓർമിപ്പിച്ചു.

## നാഗസാക്കി ദിനം

ആഗസ്റ്റ് ഒൻപതാം തിയ്യതി നാഗസാക്കി ദിനം ആചരിച്ചു.**1945** ഓഗസ്റ്റ് **9-**ന് നാഗസാക്കിയിലാണ് രണ്ടാമതായി മനുഷ്യർക്കു നേരെ ആറ്റംബോംബ് ആക്രമണം നടന്നത്. രണ്ടാം ലോക മഹായുദ്ധകാലത്ത് ജപ്പാനെ പരാജയപ്പെടുത്തുന്നതിനായി അമേരിക്ക കണ്ടെത്തിയ അവസാന മാർഗ്ഗമായിരുന്നു അണുവായുധ പ്രയോഗം.നഗരത്തിന് നാലര മൈൽ ചുറ്റളവിലുള്ള സർവതും നശിച്ചു .ഈ ദിവസത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# ലോക ആദിവാസി ദിനം

എല്ലാ വർഷവും ആഗസ്റ്റ് ഒൻപതാം തിയ്യതി ലോക ആദിവാസി ദിനമായി ആചരിക്കുന്നു. ലോകത്തിലെ തദ്ദേശീയ ജനതയുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും പരിസ്ഥിതി സംരക്ഷണം പോലുള്ള ലോക പ്രശ്നങ്ങളിൽ തദ്ദേശവാസികൾ നൽകുന്ന സംഭാവനകളെ അംഗീകരിക്കുന്നതിനും ഈ ദിനം ലക്ഷ്യമിടുന്നു. ഈ ദിനത്തോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




# വേൾഡ് ലയൺ ഡേ

എൻ എസ് എസ് ആഗസ്റ്റ് പത്തിന് വേൾഡ് ലയൺ ഡേ ആചരിച്ചു. സിംഹങ്ങളെക്കുറിച്ചുള്ള അവബോധവും അവയുടെ സംരക്ഷണത്തിനായി പരിശ്രമിക്കേണ്ടതിന്റെ അടിയന്തിര ആവശ്യവും പ്രചരിപ്പിക്കുകയാണ് ലോക സിംഹ ദിനം ലക്ഷ്യമിടുന്നത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ലോക ജൈവ ഇന്ധന ദിനം

ആഗസ്റ്റ് പത്താം തിയ്യതി ലോക ജൈവ ഇന്ധന ദിനം ആചരിച്ചു.സാമ്പ്രദായികമല്ലാത്ത രീതിയിൽ ഖനനം ചെയ്തെടുക്കുന്ന മറ്റ് ഇന്ധനങ്ങളെ കുറിച്ച് മാനവരാശിക്ക് ബോധവത്കരണം നല്കുകയാണ് ഈ ദിവസം കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ജൈവ ഇന്ധനങ്ങൾ പുനരുൽപ്പാദിപ്പിക്കാവുന്നതും ജൈവപരമായി തന്നെ നശിക്കുന്നതും, സുസ്ഥിരവുമായ ഒരു ഊർജ്ജ സ്രോതസ്സാണ്.പുല്ല്, വിളകൾ, മരങ്ങൾ, കാർഷിക അവശിഷ്ടങ്ങൾ തുടങ്ങിയ ജൈവശാസ്ത്രപരമായ വസ്തുക്കളിൽ നിന്ന് ശേഖരിക്കപ്പെടുന്ന ഊർജ്ജമാണ് ജൈവ ഇന്ധനങ്ങളായി പരിണമിക്കപ്പെടുന്നത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# സെൽഫ് ഡിഫൻസ് ക്ലാസ്

ലയൻസ് ക്ലബ് ഇന്റർനാഷണൽ തൃശൂരിന്റെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കോളേജിലെ എൻ എസ് എസ് വിദ്യാർത്ഥികൾക്കായി സെൽഫ് ഡിഫൻസ് ക്ലാസ്സ് നടത്തി. ആഗസ്റ്റ് പതിനൊന്നാം തിയ്യതി ഉച്ചക്ക് രണ്ട് മണിക്ക് കോളേജ് മെഡ്‌ലികോട്ട് ഹാളിൽ നടന്ന പരിപാടിയിൽ ലയൺ സുഷമ നന്ദകുമാർ(ഡിസ്ട്രിക്ട് ഗവർണർ),ലയൺ തോമസ് എ.സി.(സെൽഫ് ഡിഫൻസ് ഡിസ്ട്രിക്ട് കോർഡിനേറ്റർ),പുട്ട വിമലാദിത്യ ഐപിഎസ് (ഡി. ഐ. ജി),ലയൺ കെ. കെ. സജീവ്കുമാർ(ഡിസ്ട്രിക്ട് മെന്റ്റർ), കോളേജ് പ്രിൻസിപ്പാൾ ഡോ.മാർട്ടിൻ കെ. എ എന്നിവർ സദസ്സ് അലങ്കരിച്ചു.സെൽഫ് ഡിഫൻസിനെ കുറിച്ചും അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളെ കുറിച്ചും നല്ലൊരു അറിവ് നേടാൻ ഈ ക്ലാസ്സ് സഹായിച്ചു.






# ലോക സംസ്കൃത ദിനം

ആഗസ്റ്റ് പന്ത്രണ്ടാം തിയ്യതി വെള്ളിയാഴ്ച ലോക സംസ്കൃത ദിനം ആചരിച്ചു.മത,വേഷ, ഭാഷാസാമൂഹിക വിഭാഗങ്ങളിൽപ്പെട്ട ജനതയെ വളരെക്കാലം ഏകോപിപ്പിച്ചു കൊണ്ടുപോകാൻ സംസ്കൃതത്തിനു കഴിഞ്ഞു. സംസ്കൃതത്തിന്റ ഈ പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും സംസ്കൃതഭാഷയുടെ പഠനത്തെയും വളർച്ചയെയും പ്രോത്സാഹിപ്പിക്കാനുമായി **1969-**ലാണ് കേന്ദ്രസർക്കാർ ശ്രാവണമാസത്തിലെ പൗർണമിനാളിൽ സംസ്കൃതദിനം ആചരിക്കാൻ തീരുമാനിച്ചത്.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.




# വാക്കത്തോൺ

ആഗസ്റ്റ് പന്ത്രണ്ടാം തിയ്യതി വെള്ളിയാഴ്ച ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റ് വാക്കത്തോൺ സംഘടിപ്പിച്ചു. അനിലൻ കെ കെ (അസിസ്റ്റന്റ് കമ്മിഷണർ ഫുഡ് സേഫ്റ്റി,തൃശൂർ) സ്വാഗത പ്രസംഗം നടത്തി.തുടർന്ന് കോളേജ് പ്രിൻസിപ്പാൾ ഡോ.മാർട്ടിൻ കെ. എ അധ്യക്ഷത വഹിച്ചു. ഉദ്ഘാടനത്തിനെത്തിയ ബഹു:തൃശൂർ എം. ൽ .എ . എ .പി . ബാലചന്ദ്രൻ പരിപാടി ഫ്ളാഗ് ഓഫ് ചെയ്തു. കോളേജ് പരിസരത്തു നിന്ന് രാവിലെ ഏഴരക്ക് ആരംഭിക്കുകയും തെക്കേനടയിൽ അവസാനിക്കുകയും ചെയ്തു. ഭക്ഷ്യസുരക്ഷയുടെ പ്രാധാന്യവും അവബോധവും ഇതിലൂടെ ലഭിച്ചു.
















# ഇന്റർനാഷണൽ യൂത്ത് ഡേ

സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42&144** ചേർന്നു അന്താരാഷ്ട്ര യുവജന ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് പന്ത്രണ്ടിന് രാത്രി ഏഴു മണിക്ക് ഗൂഗിൾ മീറ്റിൽ സംഘടിപ്പിച്ചു.ആറു വളന്റിയേഴ്സിനെ രണ്ടു ഗ്രൂപ്പായി തിരിച്ചായിരുന്നു മത്സരം.ഇന്റർനെറ്റ് യൂസ് എന്ന വിഷയത്തിലായിരുന്നു മത്സരം നടന്നത്.യുവതലമുറയിൽ ഇന്റർനെറ്റ് ഉപയോഗം കൊണ്ടുള്ള നേട്ടങ്ങൾ,ദോഷങ്ങൾ എന്നിവയെപ്പറ്റി വളന്റിയേഴ്സ് സംസാരിച്ചു.








# ലോക അവയവദാന ദിനം


എൻ എസ് എസ് ആഗസ്റ്റ് പതിമൂന്ന് ലോക അവയവദാന ദിനം ആചരിച്ചു.അവയവദാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ദിനം ആചരിക്കുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് അവയവദാനം വർദ്ധിച്ചിട്ടുണ്ടെങ്കിലും ഈ വഴിയിൽ ഇനിയും നാം ഏറെ ദൂരം സഞ്ചരിക്കാനുണ്ടെന്നതാണ് യാഥാർത്ഥ്യം.ഈ ദിനത്തോടനുബന്ധിച്ച് ഒരു ഫ്ലാഷ്മോബ് സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും, പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ആസാദി കാ അമൃത് മഹോത്സവ്

എൻ എസ് എസ് ആഗസ്റ്റ് പന്ത്രണ്ട് വൈകുന്നേരം മൂന്ന് മണിക്ക് ആസാദി കാ അമൃത് മഹോത്സാവത്തിന്റെ ഭാഗമായി പ്രൊഫസർ രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ വാക്കത്തോൺ സംഘടിപ്പിച്ചു. ഇതിനോടനുബന്ധിച്ച് ബലൂൺ പറത്തുകയും കൈയൊപ്പ് ശേഖരിക്കുകയും ചെയ്തു.












## പതാക ഉയർത്തൽ

സെന്റ് തോമസ് കോളേജിലെ എൻ എസ് എസും, എൻ സി സിയും ചേർന്ന് പ്രിൻസിപ്പാൾ ഫാ. മാർട്ടിൻ കെ.എ.യുടെ നേതൃത്വത്തിൽ ആഗസ്റ്റ് പതിമൂന്ന് രാവിലെ ഒൻപത് മണിക്ക് പതാക ഉയർത്തി.









# ലൈബ്രറി വർക്ക്

ആഗസ്റ്റ് പതിമൂന്ന് ശനി  നാഷണൽ സർവീസ് സ്കീം വളന്റിയേഴ്സ് കോളേജിലെ ലൈബ്രറി വൃത്തിയാക്കി.അമ്പത് വളന്റിയേഴ്സ് ശുചീകരണ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തു. രാവിലെ പത്തിന് ആരംഭിച്ച ശുചീകരണ പ്രവർത്തനങ്ങൾ വൈകുന്നേരം നാലുമണിക്ക് അവസാനിച്ചു .വളന്റിയേഴ്സിന്റെ പ്രവർത്തനങ്ങൾ  മാതൃകാപരമാണെന്ന് അധികൃതർ അഭിപ്രായപ്പെട്ടു.







# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ  തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി  പുരോഗമിക്കുന്നു. ഈ വെള്ളിയാഴ്ചയും ശനിയാഴ്ചയും രാവിലെ ഒമ്പതുമണി മുതൽ വൈകീട്ട് നാല് വരെ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.















# പൊതിച്ചോർ വിതരണം

ആഗസ്റ്റ് പന്ത്രണ്ട് വെള്ളിയാഴ്ച എൻ എസ് എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതിച്ചോർ വിതരണമായ സ്വാദ് നടത്തി.തേക്കിൻകാട് മൈതാനത്തും,ശക്തൻ സ്റ്റാൻഡിലുമുള്ള നിർദ്ധരരായ വൃദ്ധർക്ക് പൊതിച്ചോർ വിതരണം ചെയ്തു. ആറ് വളന്റിയേഴ്സ് ചേർന്ന് പതിനെട്ടോളം പൊതിച്ചോറാണ് വിതരണം ചെയ്തത്.








## അക്ഷരാഗ്നി

ഗോഡ്വിൻ സി ജെ

## ചോദ്യം ഉത്തരം

**ഇന്ത്യൻ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് എൻ എസ് എസിൽ പങ്കാളികളാകുവാൻ സാധിക്കുമോ?**

-- സാധിക്കും,അങ്ങനെ അവർക്ക് ദേശീയ പുനർനിർമ്മാണത്തിലും കമ്മ്യൂണിറ്റി പ്രവർത്തനത്തിലും പങ്കുചേരാം.





## ചിന്താവിഷയം

ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവും അപൂർണ്ണമാണ്.

- ജോൺ എഫ് കെന്നേഡി

@nss_stc_42_144